മറ്റും ആവശ്യമായ തുണിത്താങ്ങൾ വാങ്ങുന്ന കാര്യത്തിൽ ഹാൻഡ്ലൂമിനെ ഒഴിവാക്കുന്ന പ്രവണത കാണാൻ കഴിയുന്നുണ്ട്. കൈത്തറി മേഖലയെ പ്രോൽസാഹിപ്പിക്കുവാൻ പൊതുമേഖലാ സ്ഥാപനങ്ങളിലും ഗവൺമെൻറ് സ്ഥാപനങ്ങളിലും കഴിയുന്നത്ര കൈത്താറി തുണിത്തരങ്ങൾ വാങ്ങാനുള്ള നിർദ്ദേശം നൽകുമോ ?

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി : ഈ നിർദ്ദേശങ്ങളൊക്കെ പണ്ടേ ഉണ്ട്. അതു കൂടുതൽ പാലിക്കാൻ വേണ്ടി ശ്രദ്ധിക്കാം.

പ്രധാനമന്ത്രിയുടെ റോസ്ഗാർ യോജന

* 3. [81] ശ്രീ. സി. കെ. സദാശിവൻ :
,, ഇ. ശങ്കരൻ :
,, പി. ടി. കുഞ്ഞിമുഹമ്മദ് :
,, തമ്പാനൂർ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും മുനിസിപ്പാലിറ്റിസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രധാനമന്ത്രിയുടെ റോസ്ഗാർ യോജന പ്രകാരം സംസ്ഥാനത്ത് 1995-96 സാമ്പത്തിക വർഷത്തിൽ 15-2-1996 വരെ എത്ര തൊഴിൽ രഹിതർക്ക് തൊഴിൽ നൽകുന്നതിനുള്ള ധനസഹായം നൽകിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(ബി) പ്രസ്തുത തൊഴിൽദന പദ്ധതികൾക്ക് വായ്പ അനുവദിക്കുന്നതിന് ബാങ്കുകൾ സഹകരിക്കുന്നില്ല എന്നത് സംബന്ധിച്ച് ഗവൺമെൻറിന് എന്തെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ ;

(സി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(ഡി) പ്രസ്തുത പരാതികളിൻമേൽ സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(ഇ) ഈ പദ്ധതിപ്രകാരം നടപ്പ് സാമ്പത്തികവർഷം 15-2-1996 വരെ എത്ര അപേക്ഷകൾ ലഭിച്ചു ;

(എഫ്) അതിൽ എത്ര പേർക്ക് സഹായം ലഭ്യമാക്കി ; എത്ര പേർ വ്യവസായം ആരംഭിച്ചു ; ഇവയുടെ ജില്ല തിരിച്ചുള്ള ലിസ്റ്റ് മേശപ്പുറത്ത് വയ്ക്കുമോ ;

(ജി) ബാങ്കുകളുടെ സഹകരണം ഈ രംഗത്ത് എത്രമാത്രമാണെന്ന് വിലയിരുത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ?

വ്യവസായവും മുനിസിപ്പാലിറ്റിയും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി) :

(എ) പ്രധാനമന്ത്രിയുടെ റോസ്ഗാർ യോജന പദ്ധതി പ്രകാരം സംസ്ഥാനത്ത് 1995-96 സാമ്പത്തിക വർഷത്തിൽ 29-2-1996 വരെ 10236 തൊഴിൽ രഹിതർക്ക് തൊഴിൽ നൽകുന്നതിനുള്ള വായ്പ അനുവദിക്കുകയും അതിൽ 6793 പേർക്ക് വായ്പ നൽകുകയും ചെയ്തു.

(ബി) (സി), (ഡി) രേഖാമൂലം പരാതി ലഭിച്ചിട്ടില്ല എന്നാണ് മനസിലാക്കുന്നത്. എന്നാൽ പൊതുവായ പരാതിയുണ്ട് ; ആയത് സംബന്ധിച്ച് ഗവൺമെൻറും ബാങ്കുകളുമായി ചർച്ച ചെയ്തു പരമാവധി സഹായം ലഭ്യമാക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) നടപ്പ് സാമ്പത്തികവർഷം 29-2-1996 വരെ 68366 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്.

(എഫ്) ഇതിൽ 6793 പേർക്ക് വ്യവസായം ആരംഭിക്കുവാൻ വായ്പ ലഭ്യമാക്കിയിട്ടുണ്ട്. അവരുടെ ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർത്തിട്ടുണ്ട്. †

(ജി) 1995-96 സാമ്പത്തിക വർഷത്തിൽ 39 ബാങ്കുകൾക്കായി 15,000 വായ്പകൾ ലക്ഷ്യമിട്ടിരുന്നതിൽ 29-2-1996 വരെ 10236 അപേക്ഷകളിൻമേൽ വായ്പ അനുവദിക്കുകയും 6793 പേർക്ക് വായ്പ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട് ദേശസാൽക്കൃത ബാങ്കുകൾ ഒഴികെ മറ്റു ബാങ്കുകൾ ഈ വായ്പ അനുവദിക്കുന്ന കാര്യത്തിൽ വിമുഖത കാണിക്കുന്നുണ്ട്. അവർക്ക് വേണ്ട നിർദ്ദേശം, ജില്ലാ കളക്ടറുടെ അധ്യക്ഷതയിലുള്ള കമ്മിറ്റി വഴി ജില്ലാതലത്തിലും ചീഫ് സെക്രട്ടറിയുടെ അധ്യക്ഷതയിലുള്ള കമ്മിറ്റി വഴി സംസ്ഥാന തലത്തിലും നൽകുന്നുണ്ട്. കൂടാതെ റിസർവ് ബാങ്കിൻറെ ഉന്നത ഉദ്യോഗസ്ഥൻമാരും ബാങ്കുകൾക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നു. സംസ്ഥാന തല ബാങ്കേഴ്സ് കമ്മിറ്റിയും ഈ പദ്ധതി കാലാകാലങ്ങളിൽ അവലോകനം ചെയ്ത് ബാങ്കുകൾക്ക് വേണ്ട നിർദ്ദേശം നൽകി വരുന്നു.

ശ്രീ. സി. കെ. സദാശിവൻ : പ്രധാനമന്ത്രിയുടെ റോസ്ഗാർ യോജന പ്രകാരം 1995-96 സാമ്പത്തിക വർഷം ജില്ലാ വ്യവസായ കേന്ദ്രം ശുപാർശ ചെയ്ത 68,366 അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്നാണ് ഇതിൽ വ്യക്തമാകുന്നത്. അതിൽ 6,793 വായ്പകൾ മാത്രമേ നൽകിയിട്ടുള്ളൂവെന്നും ഇതു വ്യക്തമാക്കുന്നുണ്ട്. ബാങ്കുകളുടെ നിഷേധാത്മകമായ നിലപാടിനെ എതിരെ നമ്മുടെ ബഹുമാനപ്പെട്ട ഗവർണ്ണറും മുഖ്യമന്ത്രിയും പ്രതികരിച്ചിരിക്കുകയാണ്. കേന്ദ്ര ഗവൺമെൻറ് ആവിഷ്ക്കരിച്ചിരിക്കുന്ന ഈ പദ്ധതി പ്രകാരം ലോൺ നൽകുന്നതിന് നിഷേധാത്മകമായ നിലപാട് സ്വീകരിക്കുന്ന ബാങ്കുകൾക്ക് എതിരെ എന്തു നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്. ഫലപ്രദമായി തൊഴിൽ രഹിതർക്ക് ലോൺ കിട്ടുവാൻ എന്തു നടപടിയാണ്. സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് ?

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി : കണക്കുകളിൽ നിന്നു അത് വ്യക്തമാകുന്നതാണ്. ആപ്ലിക്കേഷൻസ് റീസീവ് ചെയ്തത് 68000. അതിൽ ഇൻറർവ്യൂ ചെയ്തത് 55504. സെലക്ററ് ചെയ്തത് 31744 അതിൽ സാംഗ്ഷൻ ചെയ്തത് 10000. സാംഗ്ഷൻ ചെയ്തതിൽ തന്നെ ബാങ്കുകൾ പണം കൊടുത്തത് 6793. ഇതിൽ നിന്നും ഒരു കാര്യം വ്യക്തമാണ്. ഇത്രയും അപേക്ഷകൾ സ്വീകരിക്കുകയും ഇൻറർവ്യൂ നടത്തി സാംഗ്ഷൻ ചെയ്യുകയും റെക്കമൻഡ് ചെയ്ത് ബാങ്കിലേയ്ക്ക് അയക്കുകയും ചെയ്തിട്ട് ബാങ്കുകളുടെ സാംഗ്ഷനിംഗും ഡിസ്ബേഴ്സ്മെൻറും വളരെ താഴെയാണ് നിൽക്കുന്നത്. അതുകൊണ്ട് ഈ പ്രശ്നത്തിൽ ഇംപ്രൂവ് ചെയ്യേണ്ടത് ബാങ്കുകളുടെ നിലപാടാണെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. ഇത് വളരെ ഉൽസാഹപൂർവ്വം എല്ലാ ജില്ലകളിലും പ്രോസസിംഗ് നടത്തിയിട്ടും ബാങ്കുകൾ നിസ്സഹരിക്കുന്നുവെന്ന കാര്യത്തിൽ സംശയമില്ല. ദേശസാൽകൃത ബാങ്കുകളുടെ ശതമാനം താരതമ്യേന മെച്ചമാണ്. ലക്ഷ്യത്തിൻറെ 82.36 ശതമാനം ദേശസാൽകൃത ബാങ്കുകൾ കൊടുത്തിട്ടുണ്ട്. ലോൺ ഡിസ്ബേഴ്സ് ചെയ്തതിലും വലിയ മോശമില്ല. സ്വകാര്യ മേഖലയിലുള്ള ബാങ്കുകൾ ലക്ഷ്യത്തിൻറെ 40.4 ശതമാനം മാത്രമാണ്, കൈവരിച്ചത്.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

സഹകാര്യമേഖലയിലുള്ള ബാങ്കുകളാണ് ഇക്കാര്യത്തിൽ നിസ്സഹകരിക്കുന്നത്. ഈ നിസ്സഹരണം വളരെ ഗൗരവമായി ഗവൺമെൻറ് എടുത്തിരിക്കുകയാണ്. റിസർവ്വ് ബാങ്ക് പ്രതിനിധികളും ഉന്നത ഉദ്യോഗസ്ഥൻമാരും മുഖ്യമന്ത്രിയും ഉൾപ്പെടെ പങ്കെടുത്തു രണ്ട് മൂന്ന് യോഗങ്ങൾ നടത്തി. ഏറ്റവും അവസാനം ഒരു മാസം മുമ്പു നടന്ന യോഗത്തിൽ വളരെ ഗൗരവമായി ഇതു സംബന്ധിച്ചുള്ള കാര്യങ്ങൾ അവരുടെ ശ്രദ്ധയിൽ പെടുത്തിയിട്ടുണ്ട്. ഈ വർഷം ടാർജറ്റ് അച്ചീവ് ചെയ്തില്ലെങ്കിൽ ഗവൺമെൻറ് ഈ കാര്യം വളരെ ഗൗരവമായി എടുക്കുമെന്നുള്ള രീതിയിൽ മുന്നറിയിപ്പ് കൊടുത്തിട്ടുണ്ട്. ഇപ്പോൾ ധൃതഗതിയിൽ പ്രോസസിംഗ് നടക്കുന്നുണ്ട്. ഈ വർഷം ഇംപ്രൂവ് ചെയ്യുമെന്നാണ് ഗവൺമെൻറിൻെറ പ്രതീക്ഷ.

ശ്രീ. സി. കെ. സദാശിവൻ : എത്രാണ്ട് മുപ്പതോളം ബാങ്കുകളും അവയുടെ വിപുലമായ ശാഖകളും നമ്മുടെ സംസ്ഥാനത്തുണ്ട് നിക്ഷേപ സമാഹരണത്തിൽ സംസ്ഥാനം മുൻപന്തിയിലാണ്. പക്ഷേ പാവപ്പെട്ട തൊഴിൽ സംരംഭകരെ സഹായിക്കുന്നതിനായി കേന്ദ്രഗവൺമെൻറ് റിസർവ്വ് ബാങ്കോ കൊടുക്കുന്ന നിർദ്ദേശങ്ങളും നടപ്പിലാക്കാൻ ഇത്തരം ബാങ്കുകളും തയ്യാറല്ല. റോസ്ഗാർ യോജന അനുസരിച്ച് ഒരു പ്രാദേശിക ബാങ്ക് ഏഴ് പേർക്കെങ്കിലും ലോൺ കൊടുക്കണമെന്നാണ് ഞാൻ മനസിലാക്കുന്നത്. ഡി.ഡി.സി.യിൽ ചർച്ച ചെയ്തപ്പോൾ കളക്ടർ പറഞ്ഞത് അങ്ങനെയാണ്. കളക്ടറുടെ നേതൃത്വത്തിൽ ഒരു കമ്മിറ്റി ജില്ലാടിസ്ഥാനത്തിൽ പ്രവർത്തിക്കുന്നുണ്ട്. ഞാൻ ബന്ധപ്പെട്ട് കളക്ടറുടെ ഡയറക്ഷനോടുകൂടി ധനലക്ഷ്മി ബാങ്കിൽ നിന്ന് ഒരു ലോൺ നൽകണമെന്നാവശ്യപ്പെട്ടിട്ട് അത് നിഷേധിക്കുകയുണ്ടായി. ഇത്തരത്തിൽ നിഷേധാത്മക നിലപാട് സ്വീകരിക്കുന്ന ബാങ്കുകൾക്കെതിരെ ഗവൺമെൻറ് എന്ത് നടപടിയാണ് സ്വീകരിക്കുന്നത്? പ്രധാനമന്ത്രിയുടെ റോസ്ഗാർ യോജന പ്രഹസനമാക്കി മാറ്റുകയാണ്. ഈ കമ്മിറ്റികൾ ഫലപ്രദമായി പ്രവർത്തിക്കാനുള്ള നടപടികൾ സ്വീകരിക്കാൻ ഗവൺമെൻറ് ഉദ്ദേശിക്കുന്നുണ്ടോ ?

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി : ഇന്നലെ കാഷ്യൂ കോർപ്പറേഷനുമായി ബന്ധപ്പെട്ട് ബാങ്കുകളുടെ ഒരു യോഗം വിളിച്ചു കൂട്ടിയിരുന്നു. ആ യോഗത്തിലു മുഖ്യമന്ത്രി ഈ വിഷയം സംസാരിച്ചു. ചില ബാങ്കുകളെ നെയിം ചെയ്തുതന്നെ മുഖ്യമന്ത്രി ശക്തമായഭാഷയിൽ അവരോട് പറഞ്ഞിട്ടുണ്ട് ഗവൺമെൻറിനെ ബാങ്കുകൾക്കും ആവശ്യമുണ്ട്. അതു കൊണ്ട് ഇങ്ങനെ ഒരു നിലപാടെടുക്കാൻ ബാങ്കുകൾക്ക് ഒക്കുകയില്ല. ഇങ്ങനെ ഒരു നിലപാടെടുത്താൽ ഗൗരവമായ പ്രത്യാഘാതമുണ്ടാകുമെന്ന് ഇന്നലെപോലും ശക്തമായ ഭാഷയിൽ പറഞ്ഞിട്ടുണ്ട്. ഇത് ഇംപ്രൂവ് ചെയ്യുമെന്നാണ് ഗവൺമെൻറ് വിചാരിക്കുന്നത്.

ശ്രീ. ഇ. ശങ്കരൻ : കേരളത്തിൽ പി. എസ്. സി. പോലും ന്യൂനപക്ഷ സമുദായങ്ങൾക്കും പട്ടികജാതിക്കാർക്കും ചില ആനുകൂല്യങ്ങളും ഇളവുകളും അനുവദിച്ചിട്ടുണ്ട്. കേന്ദ്ര ഗവൺമെൻറ് ആവിഷ്കരിച്ചു നടപ്പിലാക്കുന്ന റോസ്ഗാർയോജന പദ്ധതിയനുസരിച്ച് ആനുകൂല്യം ലഭിക്കണമെങ്കിൽ 35 വയസെന്ന് ക്രിപ്തപ്പെടുത്തിയിരിക്കുന്നതുമൂലം വളരെയധികം ആളുകൾക്ക് ഇതിൻെറ ആനുകൂല്യം നിഷേധിക്കപ്പെടുന്നു. ഇത് ഇളവ് ചെയ്യുന്നതിനോ ഇല്ലാതാക്കുന്നതിനോ ഗവൺമെൻറ് നടപടി സ്വീകരിക്കുമോ ?

ശ്രീ. പി. കെ കുഞ്ഞാലിക്കുട്ടി : റോസ്ഗാർ യോജന ഒരു കേന്ദ്രാവിഷ്കൃത പദ്ധതിയായതു കൊണ്ട് ഇതിൻെറ വ്യവസ്ഥകൾ നമുക്ക് മാറ്റാൻ കഴിയില്ല. പ്രായോഗികമായി എന്തെങ്കിലും ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെടുത്തിയാൽ നടപടി എടുക്കാം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. ശങ്കരൻ : ശ്രീ. സദാശിവൻ പറഞ്ഞതുപോലെ സ്റ്റേറ്റ് ബാങ്ക്, വിജയാബാങ്ക്, ധനലക്ഷ്മി ബാങ്ക്, കാത്തലിക് സിറിയൻ ബാങ്ക് തുടങ്ങിയവ റോസ്ഗാർ യോജന അനുസരിച്ചുള്ള അപേക്ഷകരെ അവഗണിക്കുകയാണ്. ഈ ലോൺ കൊടുക്കുന്നതിന് അവർക്ക് യാതൊരു താൽപ്പര്യവും ഇല്ല. അവർ ഈ അപേക്ഷകരെ ഏത് തരത്തിലെങ്കിലും തടഞ്ഞുവയ്ക്കുകയാണ്. അതുകൊണ്ട് അത്തരം ബാങ്കുകൾക്ക് വേണ്ട നിർദ്ദേശം കൊടുക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി : പല പദ്ധതികളും ഫീസിബിളല്ല എന്നാണ് ബാങ്കുകൾ പറയുന്നത്. പലരുടേയും അപേക്ഷകൾ ഒരുപോലെ ആണ്. ഒരാൾ ചായക്കട തുടങ്ങിയാൽ എല്ലാപേരും അതിനു തന്നെ അപേക്ഷിക്കും. പക്ഷെ അങ്ങനെയൊന്നും പറഞ്ഞിട്ട് കാര്യമില്ല. വളരെ അധികം ലാഭം ബാങ്കുകൾ ഉണ്ടാക്കുന്നുണ്ട്. വളരെ അധികം ഡെപ്പോസിറ്റ് കേരളത്തിൽ നിന്നു കിട്ടുന്നുണ്ട്. അതുകൊണ്ട് ഒരു സാമൂഹ്യ ബാദ്ധ്യത എന്നുള്ള നിലയ്ക്ക് അതിനെ കണ്ടുകൊണ്ട് സെക്യൂരിറ്റി ഇൻസിസ്റ്റ് ചെയ്യാതെ, ബോൾഡായിട്ട് ഇക്കാര്യത്തിൽ തീരുമാനമെടുക്കണം. ചില ബാങ്കുകൾ കൊളാറ്ററൽ സെക്യൂരിറ്റി ആവശ്യപ്പെടുന്നു. ഇത് വളരെ ഗൗരവമായി എടുത്ത് ഗവൺമെന്റ് ബാങ്കുകളെ ചോദ്യം ചെയ്തു. അതിനുശേഷം അത്തരം നടപടി ഉണ്ടായിട്ടില്ല. കേരളത്തിൽ നല്ല ലാഭമുണ്ടാക്കുന്ന ബാങ്കുകൾ ഇക്കാര്യത്തിൽ കുറച്ച് സാമൂഹ്യ ബാദ്ധ്യത കൂടി എടുക്കണമെന്നാണ് ഗവൺമെന്റിന്റെ നിലപാട്. ഞാൻ ബാങ്കുകളെ ഒന്നും നെയിം ചെയ്യുന്നില്ല. പക്ഷെ എല്ലാ ബാങ്കുകളോടും ഇക്കാര്യം പറഞ്ഞിട്ടുണ്ട്. ഈ കൊല്ലം ടാർജറ്റ് വാച്ച് ചെയ്യുകയാണ്.

ശ്രീ. പി. ടി. കുഞ്ഞിമുഹമ്മദ് : വ്യവസായവൽക്കരണത്തിന് എതിരായി നിൽക്കുന്ന ഒരു പ്രധാന ഘടകം ഇവിടത്തെ ബാങ്കുകളാണ്. റോസ്ഗാർ യോജനപ്രകാരം ലോണിന് ചെല്ലുന്ന ആൾക്കാരോട് ബാങ്കുകൾ കൊളാറ്ററൽ സെക്യൂരിറ്റി ചോദിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി : പെട്ടിട്ടുണ്ട്, ബാങ്കുകളുടെ കേരളത്തിലെ ഇൻവെസ്റ്റുമെന്റിനെക്കുറിച്ച് ഒരു ചർച്ച നടന്നുവരികയാണ്. ആ ചർച്ച ബാങ്കുകൾ ശ്രദ്ധിക്കുമെന്ന് ഞാൻ കരുതുകയാണ്. ഒരു സംസ്ഥാനത്ത് പ്രവർത്തിക്കുന്നതിന് സംസ്ഥാനത്തെ ജനങ്ങളുടെ പിൻതുണ വേണം. അതുകൊണ്ട് ഈ ചർച്ച അവർ ശ്രദ്ധിക്കും. ഡി. ഡി. റേഷ്യോയെക്കുറിച്ചും റോസ്ഗാർ യോജനയെക്കുറിച്ചും സെൽഫ് എംപ്ലോയ്മെന്റിനെക്കുറിച്ചും വായ്പ കൊടുക്കുന്നതിൽ ബാങ്കുകൾ കാണിക്കുന്ന വിമുഖതയെക്കുറിച്ചും ഒരു ഹൈലോട്ട് എന്നുള്ള നിലയ്ക്ക് ഇത് വന്നിട്ടുണ്ട്. അത് ബാങ്കുകൾ ശ്രദ്ധിക്കുന്നുണ്ടാകുമെന്ന് കരുതുന്നു.

ശ്രീ. പി. ടി. കുഞ്ഞിമുഹമ്മദ് : റോസ്ഗാർ യോജന പദ്ധതി പ്രകാരം ഒന്നിൽ കൂടുതൽ ആളുകൾ ഒരേ പദ്ധതിയുമായിട്ട് ചെല്ലുമ്പോൾ ആ ഒരാളിന്നു മാത്രമേ ഒരു സ്കീം കൊടുക്കാൻ പാടുള്ളൂ. ലോണിന് വേണ്ടിയുള്ള വ്യവസ്ഥയിൽ ജാമ്യം നിഷ്കർഷിച്ചിട്ടുണ്ടോ ?

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി : അത് ഓരോ കേസിന്റെയും പ്രത്യേകത അനുസരിച്ചാണ്. വ്യവസായ യൂണിറ്റുകൾക്ക് കൊളാറ്ററൽ സെക്യൂരിറ്റി ചോദിക്കരുതെന്നാണ്. അതിന്റെ മെഷിനറിയൊക്കെ തന്നെ അതിന്റെ ഗാരന്റിയാണ്. ആ ഒരു നിലപാടാണ് ഗവൺമെന്റിനുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. തമ്പാനൂർ രവി : അങ്ങ് ഇവിടെ നൽകിയ ഉത്തരമനുസരിച്ച് ഈ വർഷം 68000 അപേക്ഷകരും വായ്പയ്ക്കായി നൽകിയതിൽ വായ്പ കൊടുത്തിരിക്കുന്നത് 6793 പേർക്കാണ്. ഈ ഒറ്റ കാരണം കൊണ്ടു തന്നെ ദേശസാൽകൃത ബാങ്കുകളുടെ നമ്മുടെ സംസ്ഥാനത്തോടുള്ള സമീപനം വ്യക്തമാണ്. എൻ ആർ. ഐ. ഡെപ്പോസിറ്റ് ഏറ്റവും കൂടുതലുള്ള സംസ്ഥാനമാണ് കേരളം. ഡെപ്പോസിറ്റ്-ക്രെഡിറ്റ് റേഷ്യോ, വായ്പാ-നിക്ഷേപ അനുപാതം ഇവയെല്ലാം നോക്കുമ്പോൾ വികസന കാര്യത്തിൽ കേരളം വളരെ പിന്നോക്കമാണ്. ഈ സഭയിൽ പലതവണ ഇത് ചർച്ച ചെയ്തതാണ്. റിസർവ്വ് ബാങ്ക് പ്രതിനിധികളും മുഖ്യമന്ത്രിയും അങ്ങും കൂടി മുൻകൈ എടുത്ത് ബാങ്കുകാരെ വിളിച്ചു ചർച്ച നടത്തി കാരണം കണ്ടുപിടിക്കാനും വായ്പ കൊടുക്കുന്നതിന് അവർ തയ്യാറല്ലെങ്കിൽ കൊടുത്ത ഡെപ്പോസിറ്റ് വിത്ത്ഡ്രാ ചെയ്യുന്ന നടപടി സ്വീകരിക്കാനും തയ്യാറാകുമോ ?

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി : സംസ്ഥാനത്തെ തൊഴിലില്ലാത്ത ചെറുപ്പക്കാരുടെ എണ്ണവും സംസ്ഥാനത്തെ ബാങ്കുകൾ സ്വീകരിക്കുന്ന ഡെപ്പോസിറ്റിന്റെ പെരുപ്പവും കണക്കിലെടുത്ത് റോസ്ഗാർ യോജന തുടങ്ങിയ പദ്ധതികളിലൊക്കെ ബാങ്കുകൾ എടുക്കുന്ന നിലപാട് മെമ്പർമാർ അറിയട്ടെ എന്നു കരുതി തന്നെയാണ് ഞാൻ ഫിഗർ വായിച്ചത്. അപേക്ഷകളുമായി താരതമ്യപ്പെടുത്തുമ്പോൾ വളരെ കുറച്ചുപേർക്ക് മാത്രമേ ലോൺ സാംഗ്ഷൻ ചെയ്തിട്ടുള്ളൂ. അത് വളരെ ഗൗരവമായി ഗവൺമെന്റ് കാണുന്നുണ്ട്.

ശ്രീ. തമ്പാനൂർ രവി : ഈ സാഹചര്യം കണക്കിലെടുത്ത് റോസ്ഗാർ യോജന പോലെയുള്ള തൊഴിലില്ലായ്മ പരിഹരിക്കാനുള്ള പരിപാടികളിൽ സഹകരണസ്ഥാപനങ്ങളെ കൂടുതൽ സഹകരിപ്പിക്കുകയും സഹകരണ സ്ഥാപനങ്ങളുമായി ചർച്ച നടത്തി അത്തരം സംരംഭങ്ങൾ സഹകരണ സ്ഥാപനങ്ങൾ മുഖേന കൂടുതൽ കൊടുക്കാനുള്ള നടപടി സ്വീകരിക്കുമോ ?

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി : സഹകരണ സംഘങ്ങൾ അതിൽ മുന്നോട്ട് വന്നാൽ അതിനുള്ള എല്ലാ പ്രോൽസാഹനവും ഗവൺമെന്റ് കൊടുക്കും.

ശ്രീ. പി. എസ്. ശ്രീനിവാസൻ : ബഹുമാനപ്പെട്ട മന്ത്രി വളരെ വളരെ ശക്തിയായിട്ടാണ് പറയുന്നത് ബാങ്കുകാർ ഇത് ശ്രദ്ധിക്കുമെന്നൊക്കെ. ശ്രദ്ധിച്ചില്ലെങ്കിൽ എന്തു ചെയ്യാൻ കഴിയും ? ഈ ഗവൺമെന്റിന് ഒരു ചുക്കും ചെയ്യാൻ കഴിയില്ലെന്നു അറിയാവുന്നതുകൊണ്ടാണ് അവരുടെ നയം അനേക വർഷങ്ങളായി തുടർന്നുകൊണ്ടിരിക്കുന്നത്. ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട മന്ത്രി ശ്രദ്ധിക്കുമോ ?

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി : അങ്ങയുടെ ആ വികാരം ഞാൻ ഉൾക്കൊള്ളുന്നു. ആ വികാരം ഉണ്ടാകട്ടെ എന്നു വിചാരിച്ചുതന്നെയാണ് ഞാൻ പറഞ്ഞത്. നമ്മളും എല്ലാവരും കൂടി ശ്രദ്ധിച്ചാൽ അവർക്ക് ചെയ്യേണ്ടിവരുമെന്നു തന്നെയാണ് എന്റെ അഭിപ്രായം.

ശ്രീമതി കെ. ആർ. ഗൗരി അമ്മ : റോസ്ഗാർ യോജനയിലെ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്ന കമ്മിറ്റിയിൽ ബാങ്കുകാരുടെ പ്രതിനിധികളുമുണ്ട്. തെരഞ്ഞെടുത്ത് ബാങ്കിലേക്ക് അലോട്ട് ചെയ്യുന്നത് നൂറ് പേരുടെ എണ്ണമായിരിക്കും. എന്നാൽ ബാങ്കിൽ ചെല്ലുമ്പോൾ അവർ പറയും അവരുടെ ടാർജറ് 6 ആണെന്ന്. ടാർജറും തെരഞ്ഞെടുക്കുന്ന നമ്പരും ഏകീകരിക്കാൻ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി : ഇത്തരത്തിൽ ഒരു പോരായ്മയുള്ളതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ബഹുമാനപ്പെട്ട ഗൗരിയമ്മ പറഞ്ഞകാര്യം ശ്രദ്ധിക്കാം.

ശ്രീ. എ. യൂനസ്കുഞ്ഞ് : റോസ്ഗാർയോജനവഴി തെരഞ്ഞെടുക്കപ്പെടുന്ന ആളുകൾക്ക് പൂണ്ണമായും ബാങ്കിന്റെ പണം കിട്ടാതെ വരുന്ന സാഹചര്യം നിലവിലുണ്ട്. അത് ഒഴിവാക്കുന്നതിന് ഗവൺമെന്റ് ശ്രദ്ധിക്കുമോ ?

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി : ഗവൺമെന്റ് ഗൗരവമായി ശ്രദ്ധിക്കുമെന്നു മാത്രമല്ല, കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്താനും ആഗ്രഹിക്കുന്നുണ്ട്.

ശ്രീ. വി. വി. രാഘവൻ : ഇന്ന് ലീഡ്ബാങ്ക് ക്യാഷിന് വളരെയധികം ക്ഷാമമുണ്ട്. മഹാരാഷ്ട്ര, ഗുജറാത്ത് തുടങ്ങിയ സംസ്ഥാനങ്ങളിൽ ലീഡ്ബാങ്ക് ക്യാഷിന് ക്ഷാമമുണ്ടെന്ന് കണ്ടപ്പോഴാണ് ഇവിടത്തെ ബാങ്കുകാരും കൂടുതലായി നമ്മുടെ ആളുകാരെ ബുദ്ധിമുട്ടിക്കുകയാണ്. ചെറുകിട വ്യവസായ സംരംഭകർ വായ്പ കിട്ടാൻ അങ്ങേയറ്റം ബുദ്ധിമുട്ടുകയാണ്. മണിസർക്കുലേഷനിലുള്ള ഈ ബുദ്ധിമുട്ട് ഏറ്റവുമധികം ബാധിക്കുന്നത് കേരള സംസ്ഥാനത്തെ വ്യവസായങ്ങളെയാണ്. ഗൾഫ് പണം ധാരാളമായി ഇവിടെ വരുന്നുണ്ട്. അതിന്റെ ആനുകൂല്യങ്ങളും പോലും മറ്റ് സംസ്ഥാനങ്ങളും കൊണ്ടുപോകുകയാണ്. ഇപ്പോഴും ബാങ്കുകൾക്ക് കുറെകൂടി സ്വാതന്ത്ര്യം നൽകിയിട്ടുള്ള സമയമാണ്. ഈ ഘട്ടത്തിൽ ഇന്ത്യാഗവൺമെന്റ് കർശനമായി ഇവിടത്തെ ബാങ്കുകളുടെ കാര്യത്തിൽ ഇടപെടുന്നില്ലെങ്കിൽ ഇവിടത്തെ ചെറുകിട വ്യവസായങ്ങളുടെ സ്ഥിതി പരിങ്ങലിലാകുമെന്നുള്ളതുകൊണ്ട് ഇക്കാര്യത്തിൽ അടിയന്തിര നടപടികളും സ്വീകരിക്കാൻ തയ്യാറാകുമോ ?

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി : ഐ. ഐ. പി. (ഇൻറൻസീവ് ഇൻഡസ്ട്രിയലൈസേഷൻ പ്രോഗ്രാം) അനുസരിച്ച് പത്തയ്യായിരം ചെറുകിട യൂണിറ്റുകളും സ്ഥാപിക്കാൻ ടാർജറ്റ് വച്ച സമയത്ത് ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും കൂടുതൽ പണം ലഭിക്കാനുള്ള നടപടികളും സ്വീകരിച്ചതുകൊണ്ട് വലിയ ഇംപ്രൂവ്മെന്റ് ആ കാര്യത്തിൽ ഉണ്ടായിട്ടുണ്ട്. അതുകൊണ്ടാണ് കുറേ ചെറുകിട വ്യവസായങ്ങളും വന്ന കാര്യം ഞാൻ പറഞ്ഞത്. എന്നാലും നമ്മുടെ നിക്ഷേപങ്ങൾക്കനുസൃതമായി ലോൺ കിട്ടിയിട്ടില്ല. എങ്കിലും പുരോഗതിയുണ്ടായിട്ടുണ്ട്. മഹാരാഷ്ട്ര, ഗുജറാത്ത് തുടങ്ങിയ സംസ്ഥാനങ്ങളോട് കമ്പയർ ചെയ്താൽ ഇനിയും വളരെ ഇംപ്രൂവ്മെന്റ് ചെയ്യേണ്ടതുണ്ട്. നമ്മുടെ നിക്ഷേപങ്ങളും മറ്റ് സംസ്ഥാനങ്ങളും കൊണ്ടുപോകുന്ന ഒരു സ്ഥിതിയുണ്ടെന്ന് പറഞ്ഞു. തദ്ദേശീയമായ പ്രശ്നങ്ങളും, യൂണിറ്റ് വയബിളല്ല തുടങ്ങിയ കാര്യങ്ങളും പറഞ്ഞു പർപ്പസ്ഫുൾ ആയി കൂടുതൽ ലാഭം കിട്ടുന്നവർക്ക് കൊണ്ടുപോയി കൊടുക്കുക എന്ന നിലപാടിനു തടയിടുക എന്നുള്ളതാണ് ഗവൺമെന്റിന്റെ സമീപനം.

ശ്രീ. എ. സി. ഷൺമുഖദാസ് : പ്രധാനമന്ത്രിയുടെ തൊഴിൽദാന പദ്ധതിയെ സംബന്ധിച്ച് പറയുമ്പോൾ തമിഴ്നാട്, കർണ്ണാടക സംസ്ഥാനങ്ങളെക്കാൾ 50 ശതമാനത്തിൽ താഴെയാണ് നമ്മുടെ നേട്ടമെന്നുള്ളതുകൊണ്ട് ഈ നില വർദ്ധിപ്പിക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

വയ്ക്കാറുണ്ടോ ? ഡിസ്ട്രിക്ട് ലെവൽ കൺസൾട്ടേറ്റീവ് കമ്മിറ്റി കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ടോ ?

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി : കാര്യക്ഷമമല്ലെങ്കിൽ ഞാൻ വായിച്ച കണക്ക് ഉണ്ടാകുമോ? ലഭിച്ച അപേക്ഷയിൽ എത്രയെണ്ണം സെലക്ടീവ് ആയിട്ടുണ്ടെന്ന് ഞാൻ വായിച്ചു. കാര്യക്ഷമതയെയാണ് അത് കാണിക്കുന്നത്.

ശ്രീ. ഇ. പി. ജയരാജൻ : റോസ്ഗാർ യോജന പദ്ധതിവഴി കേന്ദ്ര ഗവൺമെന്റ് നൽകിക്കൊണ്ടിരിക്കുന്ന വിഹിതം കുറഞ്ഞു കുറഞ്ഞു വരികയാണ്. ആ പദ്ധതിയിലുള്ള സംഖ്യ എം. പി. മാരുടെ ഫണ്ടിലേക്ക് ഡൈവേർട്ട് ചെയ്യുന്നതിന്റെ ഫലമായിട്ട് നമ്മുടെ സംസ്ഥാനത്തിന് ലഭിക്കേണ്ട വിഹിതം കുറഞ്ഞുവരികയാണ്. ഇത് പരിഹരിക്കുന്നതിന് കേന്ദ്രഗവൺമെന്റിൽ എന്തെങ്കിലും സമ്മർദ്ദം ചെലുത്തിയിട്ടുണ്ടോ ?

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി : അങ്ങനെയുണ്ടെന്ന് തോന്നിയിട്ടില്ല. ബാങ്കുകാരാണ് പണം കൊടുക്കേണ്ടത്. അവർക്ക് ഫണ്ടില്ലാത്ത പ്രശ്നം ഇല്ലല്ലോ. ഡൈവേർഷൻ ഉണ്ടായിട്ടുണ്ടോയെന്നതിൽ കേന്ദ്ര ഗവൺമെന്റിനു മാത്രമേ മറുപടി പറയാൻ പറ്റൂ.

ശ്രീമതി എൻ. കെ. രാധ : ഈ പദ്ധതിപ്രകാരം ആകെ കൊടുക്കുന്ന വായ്പയിൽ ഒരു നിശ്ചിത ശതമാനം സ്ത്രീകൾക്കായി സംവരണം ചെയ്യാൻ നടപടി സ്വീകരിക്കുമോ ?

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി : വനിതാവ്യവസായ സംരംഭകർക്ക് പ്രത്യേക ആനുകൂല്യങ്ങളും ഇൻസെന്റീവ്സുമുണ്ട്.

ശ്രീ. എ. പ്രഭാകുമാർ : ഏറ്റവും കൂടുതൽ ഡിപ്പോസിറ്റ് ഉള്ള ജില്ലയാണ് പത്തനംതിട്ട. എന്നാൽ ഏറ്റവും കുറവ് വ്യവസായമുള്ള ജില്ലയും പത്തനംതിട്ടയാണ്. റബ്ബർഅധിഷ്ഠിത വ്യവസായം തുടങ്ങുന്നതിനുള്ള നിരവധി അപേക്ഷകൾ പോയിട്ടുണ്ടെങ്കിലും ഒന്നും അനുവദിച്ച് നൽകിയിട്ടില്ല. കർശനമായ നിർദ്ദേശമില്ലെങ്കിൽ കൊടുക്കാൻ കഴിയില്ല, എന്ന മട്ടിലാണ് ലീഡ്ബാങ്ക് മാനേജർ ഉൾപ്പെടെ ബന്ധപ്പെട്ടവർ സംസാരിച്ചത്. അതുകൊണ്ട് പി. എം. ആർ. വൈ. പദ്ധതിപ്രകാരം അപേക്ഷ നൽകിയിട്ടുള്ളവർക്ക് വായ്പ നൽകുന്നതിൽ മുഖ്യമന്ത്രിയും ബഹുമാനപ്പെട്ട മന്ത്രിയും പ്രത്യേകമായി താൽപ്പര്യമെടുത്ത് കേന്ദ്ര ഗവൺമെന്റുമായി ബന്ധപ്പെട്ടുകൊണ്ട് ശക്തമായ നിർദ്ദേശം കൊടുക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി : ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇന്നലെ ഡൽഹിക്ക് പോയിട്ടുണ്ട്. ഞാൻ ഇന്നു പോകും. ഈ പ്രശ്നം അടിയന്തരമായി കേന്ദ്രഗവൺമെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനുള്ള നടപടികൾ സ്വീകരിക്കും.

LIBRARY ARCHIVES Kerala Legislative Assembly